# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 103 — 28/06/2016 ന് മറുപടി നൽകേണ്ടിയിരുന്നത്

**2011-16 ഭരണകാലത്തെ മുഖ്യമന്ത്രി , മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവർക്കെതിരെയുള്ള കേസ്സുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ശശി | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | 2011-16-ലെ യു.ഡി.എഫ് ഭരണ കാലത്ത് വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത മുഖ്യമന്ത്രി ഉൾപ്പെടെ എത്ര മന്ത്രിമാർ ഉണ്ടായിരുന്നു എന്നും ഇവർക്ക് ഓരോരുത്തർക്കും പേഴ്സണൽ സ്റ്റാഫ് ആയി എത്ര പേർ വീതം ഉണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ; | എ) | മുഖ്യമന്ത്രി ഉൾപ്പെടെ 21 മന്ത്രിമാർ. പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം അനുബന്ധം-1 ആയി ചേർക്കുന്നു. |
| ബി) | പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രി ഉൾപ്പെടെ മറ്റ് മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവരിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് കേസ്സ് ഉൾപ്പെടെ വിവിധയിനം കേസ്സുകൾ നിലവിലുണ്ട് എന്നും എത്ര കേസ്സുകൾ കോടതി മുമ്പാകെയുണ്ട് എന്നും ഇത് ആരുടെയെല്ലാം പേരുകളിലാണ് എന്നും എത്ര കേസ്സുകളിൽ കോടതി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ ഉത്തരവ് നൽകി എന്നും ആയത് ആരുടെയെല്ലാം പേരുകളിലാണ് എന്നും വ്യക്തമാക്കുമോ; | ബി) | 2011-16 കാലയളവിൽ അധികാരത്തിലിരുന്ന മന്ത്രിമാരിൽ താഴെപ്പറയുന്നവർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.<br>1) വി.സി. 06/2014/എസ്.ഐ.യു.I എന്ന നമ്പറിൽ ശ്രീ.കെ.എം.മാണി (മുൻ ധനകാര്യ വകുപ്പ് മന്ത്രി) -യ്ക്കെതിരെ 10/12/2014-ൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് ഒരു വിജിലൻസ് കേസ്സ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് 16.01.2016-ന് കോടതിക്ക് നൽകിയിട്ടുണ്ട്.<br>2) വി.സി. 05/2016/എസ്.ഐ.യു-II എന്ന നമ്പറിൽ ശ്രീ.അടൂർ പ്രകാശ് (മുൻ റവന്യൂ വകുപ്പ് മന്ത്രി), ശ്രീ.കുഞ്ഞാലിക്കുട്ടി (മുൻ വ്യവസായ വകുപ്പ് മന്ത്രി) എന്നിവർക്കെതിരെ ഒരു വിജിലൻസ് കേസ്സ് 06.06.2016-ൽ FIR രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | 3) മുൻ ജലസേചന വകുപ്പ് മന്ത്രി ശ്രീ.പി.ജെ.ജോസഫിനെതിരെ വി.സി.06/12/ഇ.ആർ.കെ., വി.സി.07/13/തൃശ്ശൂർ എന്നീ നമ്പരുകളിൽ രണ്ട് വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.<br>4) ബാർകോഴക്കേസിൽ ചില പുതിയ ആരോപണങ്ങൾ സംബന്ധിച്ച് കേരള ഹോട്ടൽ ഇൻഡസ്ട്രിയലിസ്റ്റ് അസോസിയേഷൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മുൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ.ബാബുവിനെതിരെ ഒരു പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം മദ്ധ്യമേഖലാ പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>മറ്റു കേസുകളെ സംബന്ധിച്ച വിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവർക്കെതിരെയുള്ള പരാതികളിൻമേൽ ഏതൊക്കെ വിഷയങ്ങളിൽ ജുഡിഷ്യൽ അന്വേഷണം നടക്കുന്നു എന്നും ആയത് എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | 28.11.13-ലെ 77989/എസ്.എസ്.എ2/2013/ആഭ്യന്തരം നമ്പർ വിജ്ഞാപന പ്രകാരം സോളാർ തട്ടിപ്പ്, അനുബന്ധ സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് ഉയർന്ന ആരോപണങ്ങളിന്മേലും അതിന് ഉത്തരവാദികളായവരെക്കുറിച്ചും അന്വേഷണം നടത്തുന്നതിന് ജസ്റ്റിസ് (റിട്ട.) ജി.ശിവരാജനെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ കാലാവധി 2016 ഒക്ടോബർ 28 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# Annexure-I

| | | |
|---|---|---|
| 1. Chief Minister | - | 28 |
| 2. Minister for Home & Vigilance | - | 30 |
| 3. Minister for Industries & IT | - | 30 |
| 4. Minister for Education | - | 28 |
| 5. Minister for Food, Civil Supplies, Consumer Protection & Registration | - | 29 |
| 6. Minister for Water Resources | - | 30 |
| 7. Minister for Public Works | - | 29 |
| 8. Minister for Forest, Environment, Transport, Sports & Cinema | - | 27 |
| 9. Minister for Labour & Skills | - | 30 |
| 10. Minister for Co-operation, Khadi & Village Industries | - | 29 |
| 11. Minister for Finance, Law & Housing | - | 30 |
| 12. Minister for Urban Affairs & Welfare of Minorities | - | 28 |
| 13. Minister for Revenue & Coir | - | 27 |
| 14. Minister for Panchayats & Social Justice | - | 29 |
| 15. Minister for Power | - | 26 |
| 16. Minister for Welfare of ST, Youth Affairs, Museum & Zoo | - | 27 |
| 17. Minister for Agriculture, Animal Husbandry, Printing & Stationery | - | 29 |
| 18. Minister for Health & Devaswom | - | 29 |
| 19. Minister for Welfare of SC, Backward Classes & Tourism | - | 27 |
| 20. Minister for Fisheries, Ports & Excise | - | 27 |
| 21. Minister for Rural Development, Planning & Culture | - | 28 |

സെക്ഷൻ ഓഫീസർ

# Annexure-2

2011-16 കാലയളവിൽ മുഖ്യമന്ത്രി ഉൾപ്പെടെ മറ്റ് മന്ത്രിമാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ എന്നിവരുടെ പേരിൽ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം കേസുകളുടെ വിവരങ്ങൾ :

| ജില്ല | പേര് | തസ്തിക | പോലീസ് സ്റ്റേഷൻ | Crime No. & Section of Law | Present stage |
|---|---|---|---|---|---|
| തിരുവനന്തപുരം സിറ്റി | ശ്രീ.കെ.ബി.ഗണേഷ് കുമാർ | വനം വകുപ്പ് മന്ത്രി | മ്യൂസിയം | 422/13, u/s 498A, 341, 323 IPC | TR to CBCID |
| തിരുവനന്തപുരം റൂറൽ | ശ്രീ.സലിംരാജ് | സിപിഒ 1970 | കല്ലമ്പലം | Cr.No.1354/13 u/s 465, 467, 427 &34 IPC | Under Investigation |
| പത്തനംതിട്ട | ശ്രീ.ടെന്നി ജോപ്പൻ | മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് | കോന്നി | Cr.No.656/13 u/s 406,417,419,420 & 34 IPC | Pending Trial |
| മലപ്പുറം | ശ്രീ.ബിജു ബി.കെ | മുൻ വൈദ്യുതി മന്ത്രിയുടെ അഡീഷണൽ പി.എ | നിലമ്പൂർ | 194/2014, u/s 201,120 B, 376(2) K, 302, 404, r/w 34 IPC | Convicted life imprisonment on 12.02.2015 |
| | | | | 306/14 u/s 307 r/w 34 IPC | Pending Trial |
| | | | | 307/14 u/s 307 r/w 34 IPC | Pending Trial |
| കോഴിക്കോട് സിറ്റി | ശ്രീ.സലിംരാജ് | CPO 1970 of Security Wing, SBCID, TVM | ചെവായൂർ | Cr.No.560/13, u/s 143, 147, 341, 323, 506(1) of 364 r/w 149 IPC | Pending Trial |

ഇവയിൽ കോടതി മുമ്പാകെയുള്ള കേസുകളുടെ വിവരങ്ങൾ :

| ജില്ല | പേര് | തസ്തിക | പോലീസ് സ്റ്റേഷൻ | Crime No. & Section of Law | Present stage |
|---|---|---|---|---|---|
| പത്തനംതിട്ട | ശ്രീ.ടെന്നി ജോപ്പൻ | മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് | കോന്നി | Cr.No.656/13 u/s 406,417,419,420 & 34 IPC | Pending Trial |
| മലപ്പുറം | ശ്രീ.ബിജു.ബി.കെ | മുൻ വൈദ്യുതി മന്ത്രിയുടെ അഡീഷണൽ പി.എ | നിലമ്പൂർ | 306/14 u/s 307 r/w 34 IPC | Pending Trial |
| | | | | 307/14 u/s 307 r/w 34 IPC | Pending Trial |
| കോഴിക്കോട് സിറ്റി | ശ്രീ.സലിംരാജ് | CPO 1970 of Security Wing, SBCID, TVM | ചെവായൂർ | Cr.No.560/13, u/s 143, 147, 341, 323, 506(1) of 364 r/w 149 IPC | Pending Trial |

പ്രസ്തുത കേസുകളിൽ കോടതി നിർദ്ദേശ പ്രകാരം (156 (3)CrPC)എഫ്.ഐ.ആർ ഇട്ട് അന്വേഷണം ആവശ്യപ്പെട്ട കേസുകളുടെ വിവരങ്ങൾ :

| ജില്ല | പേര് | തസ്തിക | പോലീസ് സ്റ്റേഷൻ | Crime No. & Section of Law | Present stage |
|---|---|---|---|---|---|
| തിരുവനന്തപുരം റൂറൽ | ശ്രീ.സലീംരാജ് | സിപിഒ 1970 | കല്ലമ്പലം | Cr.No.1354/13 u/s 465, 467, 427 &34 IPC | Under Investigation |

സെക്ഷൻ ഓഫീസർ